**സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസെസ്മെന്റ് അതോറിറ്റി**

247 (1952) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസെസ്മെന്റ് അതോറിറ്റി രൂപീകരിച്ചത് എന്നാണ്; അംഗങ്ങൾ ആരൊക്കെയാണ് ;

(ബി) നിലവിൽ ഏതെല്ലാം പദ്ധതികൾക്ക് പരിസ്ഥിതി ക്ലിയറൻസിനുള്ള അപേക്ഷകൾ പ്രസ്തുത അതോറിറ്റിയുടെ പരിഗണനയിലുണ്ട് ; പുതിയ അതോറിറ്റി നിലവിൽ വരുന്നതിന് മുൻപ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിലേക്ക് അയച്ച അപേക്ഷകളിൽ എത്രയെണ്ണം സംസ്ഥാന അതോറിറ്റിക്ക് റഫർ ചെയ്യുകയുണ്ടായിട്ടുണ്ട് ; അവ ഏതൊക്കെയാണ് ;

(സി) പുതുതായി വന്ന അതോറിറ്റി എത്ര അപേക്ഷകളിൽ തീരുമാനം എടുത്തു ; അവ ഏതെല്ലാമെന്നും അവശേഷിക്കുന്നവ എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 19-3-2015 -ലെ S.O.804 (E) വിജ്ഞാപന പ്രകാരമാണ് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസെസ്മെന്റ് അതോറിറ്റി രൂപീകരിച്ചത്. അംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1-ൽ ഉള്ളടക്കം ചെയ്യുന്നു.*

(ബി) പാരിസ്ഥിതിക അനുമതി ആവശ്യമായ (B category) ഖനന പ്രവർത്തനങ്ങളുടേയും (മൈനർ മിനറൽസ്) നിർമ്മാണ പ്രവർത്തനങ്ങളുടേയും അപേക്ഷകളാണ് പരിഗണനയിലുള്ളത്. 48 ഖനന പ്രവർത്തനങ്ങളുടെ ലിസ്റ്റ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിലേയ്ക്ക് അയച്ചതന്നത് അനുബന്ധം 2-ൽ ഉള്ളടക്കം ചെയ്യുന്നു.* പാറ ഖനനത്തിനുള്ള ഒരു അപേക്ഷ പ്രത്യേകമായി അയച്ച തന്നത് താഴെ ചേർക്കുന്നു :

M/s. Mankombu Granites (3.9442 ha)

Moonilavu Village & Taluk

Meenachil, Kottayam

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 110 അപേക്ഷകളിന്മേൽ പുതുതായി വന്ന കമ്മിറ്റി തീരുമാനമെടുത്തു. വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| അനുമതി നൽകിയത് | - | 110 |
| അനുമതി നിഷേധിച്ചത് | - | 20 |
| അതോറിറ്റിയുടെ പരിഗണനയിൽ | - | 3 |
| സംസ്ഥാനതല വിദഗ്ദ്ധ അവലോകന സമിതിയ്ക്ക് തിരിച്ചയച്ചത് | - | 24 |
| പിൻവലിക്കാൻ അനുവദിച്ചത് | - | 3 |

## വിദ്യാർത്ഥികൾക്കുള്ള പരിസ്ഥിതി അവാർഡ്

248 (1953) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം പ്രോൽസാഹിപ്പിക്കുന്നതിന് അവാർഡ് നൽകാറുണ്ടോ ; എങ്കിൽ മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(സി) എല്ലാ വിദ്യാലയങ്ങളിലും ശുദ്ധജലം, ടോയ്ലറ്റ് സൗകര്യം, കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജനം എന്നിവ പരിസ്ഥിതി അവാർഡ് നിർണ്ണയത്തിൽ നിഷ്കർഷിക്കാൻ വ്യവസ്ഥ ഉണ്ടാക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. കുട്ടികളിൽ പരിസ്ഥിതി അവബോധം പ്രോത്സാഹിപ്പിക്കുന്നതിനായി വർഷംതോറും സംഘടിപ്പിക്കുന്ന കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ ഭാഗമായി ചിത്രരചന, ഉപന്യാസ രചന, പ്രോജക്ട് അവതരണം എന്നിവയിൽ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിൽ വിജയികളാകുന്നവർക്ക് സർട്ടിഫിക്കറ്റുകളും പുസ്തകങ്ങളും ട്രോഫികളും സമ്മാനമായി നൽകുന്നു. കൂടാതെ പരിസ്ഥിതി സംരക്ഷണത്തിലും ജൈവവൈവിധ്യ പോഷണത്തിലും



LIBRARY ARCHIVES Kerala Legislative Assembly